പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ.2737

12.02.2019 -ലെ മറുപടിയ്ക്ക്

## തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ. പി.ടി.തോമസ്<br>ശ്രീ.അടൂർ പ്രകാശ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) ഭവന രഹിതരും ഭൂരഹിതരുമായ തോട്ടം തൊഴിലാളികൾക്ക് വീട് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | എ) ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും, ഒരു ഹാളും, അടുക്കളയും, ടോയിലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് വച്ച് നൽകുന്ന ഭവന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. |
| ബി) ഇത് സംബന്ധിച്ച് ഭവനം ഫൗണ്ടേഷൻ എന്തെങ്കിലും നിർദ്ദേശം സർക്കാരിന് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) തോട്ടം മേഖലയിൽ സ്വന്തം വീട് പദ്ധതിക്കായി മറ്റൊരു പദ്ധതിയിലും പെടാത്ത, (1) സ്വന്തമായി സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത തോട്ടം തൊഴിലാളികൾക്കും (2) സ്വന്തമായി സ്ഥലവും വീടുമില്ലാത്ത തോട്ടം തൊഴിലാളികൾക്കും സർക്കാർ അംഗീകൃത ഏജൻസി മുഖേന ടേൺ കീ അടിസ്ഥാനത്തിൽ വീടു വച്ച് നൽകുന്ന പദ്ധതിയുടെ ഭാഗമായി ഭവനം ഫൗണ്ടേഷൻ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയും സർക്കാർ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| സി) തോട്ടം മേഖലയിലെ തൊഴിലാളികളുടെ ജീവിത സാഹചര്യം വളരെ പരിതാപകരമാണെന്നത് വസ്തുതയാണെന്നിരിക്കെ അവരുടെ ജീവിത സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി ആലോചിക്കുന്നുണ്ടോ എന്നറിയിക്കാമോ; | സി) വീടില്ലാത്ത തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി വീട് നിർമ്മിച്ച് നൽകുക എന്ന സർക്കാർ നയത്തിന്റെ അടിസ്ഥാനത്തിൽ തോട്ടം മേഖലയിൽ സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷനുമായി ബന്ധപ്പെടുത്തി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികൾക്കും, അവരുടെ കുടുംബാംഗങ്ങൾക്കും മെച്ചപ്പെട്ട ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി തോട്ടം മേഖലയിൽ ഇ.എസ്.ഐ. പദ്ധതി നടപ്പിലാക്കുന്നതിന് ഇതുസംബന്ധിച്ച ചട്ടങ്ങളിൽ |

ആവശ്യമായ ഭേദഗതി വരുത്തുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൂടാതെ തോട്ടം മേഖലയുടെയും, തൊഴിലാളികളുടെയും ക്ഷേമം മുൻനിർത്തി സമഗ്രമായ ഒരു പ്ലാന്റേഷൻ പോളിസി നടപ്പിലാക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്.

| | |
|---|---|
| ഡി) 1951 ലെ പ്ലാന്റേഷൻ ലേബർ ആക്ട് പ്രകാരം തൊഴിലാളികൾക്ക് മതിയായ സൗകര്യം തൊഴിലുടമകൾ ഒരുക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ് എന്ന് വെളിപ്പെടുത്താമോ; | ഡി) 1951 -ലെ പ്ലാന്റേഷൻസ് ലേബർ നിയമത്തിലെയും, 1959 -ലെ കേരള പ്ലാന്റേഷൻസ് ലേബർ ചട്ടങ്ങളിലെയും വ്യവസ്ഥകൾ തോട്ടം ഉടമകൾ പാലിക്കുന്നുണ്ടോ എന്ന് സംസ്ഥാന പ്ലാന്റേഷൻ ഇൻസ്പെക്ടർമാരും ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസും പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. |
| ഇ) ഈ മേഖലയിലെ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിനായി അവരെ ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾക്കൊള്ളിക്കുമോയെന്ന് വ്യക്തമാക്കുമോ? | ഇ) ഇപ്പോൾ പരിഗണനയിലില്ല. |

Sreeraly

**സെക്ഷൻ ഓഫീസർ**